പതിമൂന്നാം കേരള നിയമസഭ
11-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5613 02.07.2014-ൽ മറുപടിയ്ക്ക്

# ഹെഡ്ക്വാർട്ടേഴ്സ് വേക്കൻസി

| ചോദ്യം<br>ശ്രീമതി. കെ. കെ ലതിക | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനാശേഷം ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ നിയമനത്തിനായി ഹെഡ്ക്വാർട്ടേഴ്സ് വേക്കൻസിയിൽ എത്ര പേരെ പി.എസ്.സി അഡ്വൈസ് ചെയ്തുവെന്നും എത്ര പേർ ജോലിയിൽ പ്രവേശിച്ചുവെന്നും വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ ഹെഡ്ക്വാർട്ടേഴ്സ് വേക്കൻസിയിൽ ക്ലാർക്ക് തസ്തികയിൽ 2 പേരെയും, എൽ.ഡി ടൈപ്പിസ്റ്റ് തസ്തികയിൽ 7 പേരെയും, ക്ലാർക്ക് ടൈപ്പിസ്റ്റ് തസ്തികയിൽ 3 പേരെയും, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ 2 പേരെയും, ഡ്രൈവർ തസ്തികയിൽ ഒരാളെയും നിയമനത്തിനായി പി.എസ്.സി ശുപാർശ ചെയ്തിട്ടുണ്ട്. ഇവരെയെല്ലാം തന്നെ ജോലിയിൽ പ്രവേശിപ്പിച്ചിട്ടുണ്ട്. |
| (ബി) | ഏതെല്ലാം തസ്തികകളിലുള്ള നിയമനത്തിനാണ് ഹെഡ് ക്വാർട്ടേഴ്സ് വേക്കൻസിയിൽ പി.എസ്.സി ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലേക്ക് നിയമന ശുപാർശ നൽകിയിട്ടു ള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | എൽ. ഡി ക്ലാർക്ക്, എൽ.ഡി ടൈപ്പിസ്റ്റ്. ക്ലാർക്ക് ടൈപ്പിസ്റ്റ്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, ഡ്രൈവർ എന്നീ തസ്തികകളിലെ നിയമനത്തിനാണ് ഹെഡ്ക്വാർട്ടേഴ്സ് ഒഴിവിലേയ്ക്ക് പി.എസ്.സി ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലേയ്ക്ക് നിയമന ശുപാർശ നൽകിയിട്ടുള്ളത്. |
| (സി) | ഏതെല്ലാം ജില്ലകളിലുള്ളവരാണ് ഹെഡ്ക്വാർട്ടേഴ്സ് വേക്കൻസിയിൽ ജോയിൻ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) | തിരുവനന്തപുരം, കൊല്ലം, കോട്ടയം, മലപ്പുറം, ആലപ്പുഴ, പാലക്കാട്, ഇടുക്കി, എറണാകുളം, കാസർഗോഡ്, കണ്ണൂർ എന്നീ ജില്ലകളിലുള്ളവരാണ് ഹെഡ്ക്വാർട്ടേഴ്സ് ഒഴിവിൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ഡി) | തിരുവനന്തപുരം ജില്ലാമെഡിക്കൽ ഓഫീസിൽ നിന്നും എത്ര ജീവനക്കാർക്കാണ് കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലേക്ക് സ്ഥലം മാറ്റം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ഡി) & (ഇ) | കഴിഞ്ഞ മൂന്ന് വർഷത്തിനുള്ളിൽ 10 ജീവനക്കാർക്ക് താഴെ പറയുന്ന തസ്തികകളിൽ തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നും ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലേക്ക് സ്ഥലം മാറ്റം നൽകിയിട്ടുണ്ട്.<br>1. ക്ലാർക്ക്<br>2. സീനിയർ ക്ലാർക്ക്<br>3. സീനിയർ സൂപ്രണ്ട്<br>4. ഡ്രൈവർ<br>5. ലാബ് ടെക്നീഷ്യൻ ഗ്രേഡ്-2<br>6. ഓഫീസ് അറ്റൻഡന്റ് |
| (ഇ) | ഏതൊക്കെ തസ്തികയിലേക്കാണ് തിരുവന്തപുരം ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നും ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലേക്ക് ജീവനക്കാർക്ക് സ്ഥലംമാറ്റം നൽകിയതെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ